അമൃത വിദ്യുത്: റോബോ വാർ കൗതുക കാഴ്ചയായി

അമൃതപുരി: അമൃത വിശ്വ വിദ്യാപീഠം അമൃതപുരി കാമ്പസ് ആതിഥേയത്വം വഹിക്കുന്ന ദേശീയതല മൾട്ടി ലെവൽ ടെക്ഫെസ്റ്റ് വിദ്യുത്-14ന്റെ രണ്ടാംദിവസമായ ഇന്നലെ റോബോട്ടുകൾ തമ്മിലുള്ള മത്സരമായ 'റോബോ വാർ' ഏറെ കൗതുകവും ആവേശവും പകർന്നു. രണ്ടുദിവസങ്ങളിലായി അറുപതു ടീമുകൾ പങ്കെടുത്ത ഈ മത്സരത്തിൽ മൂന്ന് റൗണ്ടാണ് ഉള്ളത്. ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് ഉപയോഗിച്ച് ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ നിർമ്മിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വർക്ക്ഷോപ്പാണ് 'ഓഗ്മെന്ററിയാലിറ്റ്'.

'ഹെലിയോ റേസ്' സൗരോർജത്തിൽ പ്രവർത്തിക്കുന്ന കാറുകളെ ഉൾപ്പെടുത്തിയുള്ള മത്സര പരിപാടിയാണിത്. പൂർണമായും സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബാറ്ററിയും കപ്പാസിറ്ററുമാണ് ഇതിന്റെ പ്രത്യേകത.

ടെക്സാസ് ഇൻസ്ട്രുമെന്റ്സിന്റെ നേതൃത്വത്തിൽ നടത്തുന്ന അനലോഗ്സിസ്റ്റം ഡിസൈനും ശ്രദ്ധേയമായി. ഈ കമ്പനിയുടെതന്നെ മറ്റൊരു വർക്ക്ഷോപ്പായ ടി ഐ ബീഗിൾ ബോണും ശ്രദ്ധയാകർഷിച്ചു.

അമൃതപുരി കാമ്പസിൽ ഇന്നലെ നടന്ന 'റോബോ വാർ'

സ്വയം ബാലൻസ് ചെയ്യുന്ന റോബോർട്ടുകളെ നിർമ്മിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഇനമായിരുന്നു സെൽഫ് ബാലൻസിംഗ് റോബോട്ട്സ് വർക്ക്ഷോപ്പ്. ഒരു ചക്രത്തിൽ പ്രവർത്തിക്കുന്ന റോബോർട്ടുകളാണ് വിദ്യാർത്ഥികൾ നിർമ്മിച്ചത്.

ഐ.ഇ.ഇ.ഇ റാസ്പെറി പി ഉപയോഗിച്ച് വിവിധ തരത്തിലുള്ള റോബോർട്ടുകളുടെ മത്സരമായിരുന്നു ഫ്രീ സ്റ്റൈൽ. മത്സരാർത്ഥികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് വിവിധ റോബോർട്ടുകൾ നിർമ്മിച്ച് പ്രദർശിപ്പിച്ചു. ഐ.ഇ.ഇ.ഇ തമിഴ്നാട്, ഐ.ഇ.ഇ.ഇ.ഐ.എസ്. എന്നിവർ സംയുക്തമായാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്.

'എനർജി എഫിഷൻസി മെഷീൻ' എന്ന വർക്ക്ഷോപ്പ് മേളയുടെ മറ്റൊര് ആകർഷണമായിരുന്നു. കൂടാതെ പ്രശസ്ത റോക്ക് ബാൻഡ് സംഗീത പരിപാടിയും ഉണ്ടായിരുന്നു.

സ്മാർട്ട് ആപ്, ഡ്രൈ ആം, ഗ്രിഡ് മാസ്റ്റർ എന്നിവയാണ് ഇന്നത്തെ പ്രധാന മത്സര ഇനങ്ങൾ.